## മഹാത്മാഗന്ധി സർവ്വകലാശാല

(സംഗ്രഹം)

പി.ശേഖരൻ നായർ എൻഡോവ്മെൻറ് - 2017-ലെ അവാർഡിന്, ശ്രീ ശ്രീകൃഷ്ണകുമാർ ജി, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, ശ്രീമതി ശ്രീലത എസ്, അസിസ്റ്റൻറ് സെക്ഷൻ ഓഫീസർ, ശ്രീമതി നസിയ എം.ആർ, സീനിയർ ഗ്രേഡ് അസിസ്റ്റൻറ്, എന്നിവരെ തെരഞ്ഞെടുത്തുകൊണ്ട് ഉത്തരാവാകുന്നു.

---

**അക്കാദമിക് എ6 വിഭാഗം**

സ.ഉ.നം. 7186/എ/6/P S Nair Endt /അക്കാദമിക്/2017 പ്രിയദർശിനി ഹിൽസ്, തീയതി: 05/10/2018

---

പരാമർശം:

1. യു.ഉ.നം. AVI/PS Nair Endt/2003 തീയതി 04/08/2003
2. 01.10.2018-ൽ വൈസ് ചാൻസിലറുടെ ചേംബറിൽ ചേർന്ന പി.ശേഖരൻ നായർ എൻഡോവ്മെൻറ് 2017-ൻെറ നിർണ്ണയ സമിതിയുടെ യോഗ തീരുമാനം.

## ഉത്തരവ്

സർവ്വലകലാശാലയിലെ സ്തുത്യഹർമായ സേവനത്തിന് അസിസ്റ്റൻറ് രജിസ്ട്രാർ പദവിക്ക് താഴെയുള്ള അനദ്ധ്യാപക വിഭാഗം ജീവനക്കർക്ക് പരാമർശം. (1) പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള പി.ശേഖരൻ നായർ എൻഡോവ്മെൻറിൻെറ 2017-ലെ ജേതാവിനെ തെരെഞ്ഞെടുക്കാനായി ചേർന്ന മൂന്നംഗ അവാർഡ് നിർണ്ണയ സമിതി യോഗം പരമർശം (2) പ്രകാരം ശ്രീ ശ്രീകൃഷ്ണകുമാർ ജി, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, EB-IX Section, ശ്രീമതി ശ്രീലത എസ്, അസിസ്റ്റൻറ് സെക്ഷൻ ഓഫീസർ, CBSS-IV Section (പരീക്ഷാ വിഭാഗം), ശ്രീമതി നസിയ എം.ആർ, സീനിയർ ഗ്രേഡ് അസിസ്റ്റൻറ്, AcD Section (ഭരണവിഭാഗം) എന്നിവരെ തെരെഞ്ഞെടുത്തു.

അവാർഡിന് നിർദ്ദേശിക്കപ്പെടുന്നവരുടെ നേട്ടങ്ങളുടെ ഒരു വിശദമായ വിവരണം ലഭ്യമാക്കണമെന്ന് ബ്രാഞ്ച് മേധാവികളോട് ആവശ്യപ്പെടാനും യോഗം തീരുമാനിച്ചു.

മേൽപ്പടി എൻഡോവ്മെൻറിൻെറ സഞ്ചിതനിധിയിൽ നിന്നും ലഭിക്കുന്ന പലിശയും അതുവഴി നൽകുന്ന അവാർഡും തുച്ഛമായതിനാൽ സഞ്ചിത നിധി വർദ്ധിപ്പിക്കുന്ന കാര്യം ശ്രീ പി. ശേഖരൻ നായരുടെ ശ്രദ്ധയിൽ കൊണ്ടുവരാനും ശുപർശ ചെയ്തു.

02.04.2017-ലും തുടർന്ന് 16.04.2017-ലും ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൻെറ നടപടിക്കുറിപ്പ് ഇനം നം.21/16.17/4055പ്രകാരം ശ്രീ. പി. ശേഖരൻ നായർ എൻഡോവ്മെൻറ് അവാർഡിൻെറ തുക Rs 1000/- രൂപയോ (ആയിരം രൂപ മാത്രം) സഞ്ചിത നിധിയുടെ പലിശയോ ഏതാണൊ കുറവ് എന്ന് പരിശോധിച്ച് കുറവുള്ള തുക നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. സാധാരണ രസീത് സമർപ്പിച്ച് ടി തുക അക്കൗണ്ടിൽ നിന്ന് രജിസ്ട്രാർക്ക് പിൻവലിക്കാവുന്നതാണ്.

മേൽ ചെലവുകൾ സർവ്വകലാശാലയുടെ 2018–19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ "Debits and Deposists (Expenditure) Code-24 804 01 ENDOWMENTS" എന്ന ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

തദനുസരണം ഉത്തരവാകുന്നു.

ഒപ്പ്
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാഡമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) അവാർഡ് ജേതാക്കൾ
2) വൈസ് ചാൻസിലർ, പ്രൊവൈസ് ചാൻസിലർ, എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2) രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ/പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3) എഡി.ഡി (രസ്സീത് സഹിതം)
4) ആഡിറ്റ് 1/ജനറൽ ക്യാഷ്
5) പി.ആർ.ഒ./ എൻക്വയറി
6) ജോയിന്റ് ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്
7) കണ്ടന്റ് മനേജ്മെന്റ് സെക്ഷൻ
8) ഐ.ക്യു.എ.സി./റെക്കോർഡ് സെക്ഷൻ
9) കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No. AcAVI/P S Nair/Endt/2009